**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5241** **21-07-2022 - ൽ മറുപടിയ്ക്ക്**

**അതിഥി അദ്ധ്യാപക തസ്തികകൾ നികത്തുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. മാത്യു കുഴൽനാടൻ | | ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | യു.ജി.സി. യുടെ 2019 ജനുവരി 28 ലെ (നം.എഫ്.25-1/2018 (പി.എസ്/മിസെ.) സർക്കുലറിൽ അതിഥി അദ്ധ്യാപകരുടെ വേതനം ഒരു മണിക്കൂറിന് 1500 എന്ന നിരക്കിൽ മാസം പരമാവധി അമ്പതിനായിരം ആക്കിയ ഉത്തരവിന്മേലും ആയത് എത്രയും വേഗം നടപ്പിലാക്കണമെന്ന സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ ഉത്തരവിന്മേലും (എച്ച്.ആർ.എം.പി.നമ്പർ. 5637/9/2021/ എം.പി.എൻ. തീയതി 10.12.21 & 19.02.2022) എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ; | (എ) | യു.ജി.സി. യുടെ 2019 ജനുവരി 28 ലെ (നം.എഫ്.25-1/2018 (പി.എസ്/മിസെ.) സർക്കുലർ പ്രകാരം അതിഥി അദ്ധ്യാപകരുടെ വേതനം ഒരു മണിക്കൂറിന് 1500/- രൂപ എന്ന നിരക്കിൽ മാസം പരമാവധി അമ്പതിനായിരം രൂപ ആക്കിയിരുന്നു. പ്രസ്തുത സർക്കുലറിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കണമെന്ന് സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ എച്ച്.ആർ.എ.പി നമ്പർ.5637/9/2021/എം.പി.എൻ. തീയതി 10.12.21 & 19.02.2022 ഉത്തരവുകൾ പ്രകാരം നിർദ്ദേശിച്ചിരുന്നു.പ്രസ്തുത നിർദ്ദേശത്തിന്മേൽ കോളേജ് വിദ്യാഭ്യാസ ഡയറക്ടർ സമർപ്പിച്ച ശുപാർശ സർക്കാർ പരിശോധിക്കുകയും, സർക്കാരിന്റെ നിലവിലെ സാമ്പത്തിക സാഹചര്യത്തിൽ ടി ശിപാർശ പരിഗണിക്കാനാവില്ലെന്ന് തീരുമാനിക്കുകയും ചെയ്തിരുന്നു. |
| (ബി) | എയ്ഡഡ് കോളേജുകളിൽ വർഷങ്ങളായി ഒഴിഞ്ഞു കിടക്കുന്ന സ്ഥിര അദ്ധ്യാപക തസ്തികകൾ നികത്തുന്നതിനായി മാനേജ്മെന്റ് വിജ്ഞാപനം ഇറക്കാതെ വരികയാണെങ്കിൽ പ്രസ്തുത തസ്തികകൾ നികത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ; | (ബി) | സർവ്വകലാശാല ചട്ടങ്ങൾ പ്രകാരം എയ്ഡഡ് കോളേജുകളിലെ ഒഴിവുകൾ ടി ചട്ടങ്ങളിൽ അനുശാസിക്കുന്ന നിബന്ധനകൾക്ക് വിധേയമായി പരസ്യപ്പെടുത്തി സർക്കാർ അനുമതിയോടെ നികത്തേണ്ട ഉത്തരവാദിത്വം അതത് കോളേജ് മാനേജർമാർക്കാണ്. ടി ഒഴിവുകൾ നികത്തുന്നതിന് സർക്കാർ തലത്തിൽ നടപടികൾ സ്വീകരിക്കുന്നതിന് നിലവിൽ വ്യവസ്ഥയില്ല. |
| (സി) | കോളേജ് വിദ്യാഭ്യാസ വകുപ്പ് 24/07/2018 ന് ഇറക്കിയ നമ്പർ.വി.1/103066/2018 കോ.വി.വ ഉത്തരവ് പ്രകാരം ഖണ്ഡിക 13-ൽ, എയ്ഡഡ് കോളേജുകളിൽ ഏപ്രിൽ മാസത്തെ ബില്ലിനോടൊപ്പം എല്ലാ അതിഥി അദ്ധ്യാപകരുടെയും മാർച്ച് 31 വരെയുള്ള അക്കാദമിക് വർഷത്തെ ശമ്പളം നൽകിയിട്ടുണ്ടെന്ന | (സി) | സ.ഉ(പി)നം.163/2020/ധന തീയതി 22.12.2020 ഉത്തരവ് പ്രകാരം എയ്ഡഡ് കോളേജുകളുടെ പ്രധാന ശമ്പള ബില്ലുകൾ പ്രിൻസിപ്പൽമാർ നേരിട്ട് ട്രഷറിയിൽ നൽകി ക്ലെയിം ചെയ്യുകയാണ് നിലവിൽ ചെയ്യുന്നത്. അത്തരം ബില്ലുകൾ നിലവിൽ പരിശോധനകൾക്കായി ഡെപ്യൂട്ടി ഡയറക്ടറുടെ ആഫീസിൽ നൽകേണ്ടതില്ല. ആയതിനാൽ |

| | | | |
|---|---|---|---|
| | സത്യപ്രസ്താവന ഡി.ഡി.ഒ. മാർ പാലിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കാമോ? | | അതിഥി അധ്യാപകരുടെ വേതനം പെൻഡിങ് ഇല്ല എന്ന സാക്ഷ്യ പത്രം ശമ്പള ബില്ലിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ എന്നത് സമയബന്ധിതമായി പരിശോധിക്കാൻ സാധിക്കാറില്ല. പാസ്സായതിന് ശേഷം പോസ്റ്റ് ഓഡിറ്റിന് സമർപ്പിക്കുന്ന ശമ്പള ബില്ലുകളിൽ പ്രസ്തുത സാക്ഷ്യപത്രം ഉൾപ്പെടുത്തുന്നില്ല. ന്യൂനതകൾ ഇല്ലാതെ സമർപ്പിക്കുന്ന അതിഥി അധ്യാപകരുടെ ശമ്പള ബില്ലുകൾ സമയബന്ധിതമായി തന്നെ ഡെപ്യൂട്ടി ഡയറക്ടർമാരുടെ ഓഫീസുകളിൽ നിന്നും പാസ്സാക്കി നല്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ